**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3839** **09-10-2025 - ൽ മറുപടിയ്ക്ക്**

**വാഹനാപകടങ്ങൾ കുറയ്ക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നടക്കുന്ന വാഹന അപകടങ്ങളെക്കുറിച്ച് പഠിക്കാൻ ഈ സർക്കാരിന്റെ കാലയളവിൽ ഏതെങ്കിലും കമ്മീഷനെ നിയമിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഈ സർക്കാരിന്റെ കാലയളവിൽ വാഹനാപകടങ്ങളെ കുറിച്ച് പഠിക്കാൻ കമ്മീഷനെ നിയമിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത കമ്മീഷൻ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകളും ശിപാർശകളും എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | ഈ സർക്കാരിന്റെ കാലയളവിൽ വാഹനാപകടങ്ങളെ കുറിച്ച് പഠിക്കാൻ കമ്മീഷനെ നിയമിച്ചിട്ടില്ല. |
| (സി) | വാഹന അപകടങ്ങളെക്കുറിച്ച് പഠിക്കാൻ 2011-2016 കാലയളവിലെ സർക്കാർ നിയോഗിച്ച ജസ്റ്റിസ് ചന്ദ്രശേഖരദാസ് കമ്മീഷന്റെ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (സി) | ജസ്റ്റിസ് ചന്ദ്രശേഖരദാസ് കമ്മീഷന്റെ റിപ്പോർട്ടിലെ ശിപാർശ പ്രകാരം സുരക്ഷാ വിഷയങ്ങൾ മാത്രം കൈകാര്യം ചെയ്യുന്നതിനായി റോഡ് സുരക്ഷ കമ്മീഷണറെ നിയമിക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ട്.<br><br>റോഡ് അപകടങ്ങളുടെ കാരണങ്ങൾ കണ്ടെത്തി അത്തരം അപകടങ്ങൾ ആവർത്തിക്കാതിരിക്കാൻ റോഡ് സുരക്ഷാ ഉപകരണങ്ങൾ സ്ഥാപിക്കുക, മെച്ചപ്പെട്ട Enforcement നടപടികൾ, ബോധവൽക്കരണ പരിപാടികൾ മുതലായവ നടപ്പിലാക്കി വരുന്നു. സ്റ്റേക്ക്ഹോൾഡർ വകുപ്പുകളും, ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകളും ആവശ്യപ്പെടുന്ന പ്രകാരം ഇത്തരം അപകട നിർമാർജ്ജന പ്രവർത്തനങ്ങൾക്ക് റോഡ് സേഫ്റ്റി അതോറിറ്റിയുടെ തീരുമാന പ്രകാരം റോഡ് സുരക്ഷ ഫണ്ടിൽ നിന്ന് തുക അനുവദിക്കുന്നു.<br><br>ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനുമായി 2010-11, 2016-17, 2019, 2021 എന്നീ വർഷങ്ങളിൽ പഠനങ്ങൾ നടത്തിയിട്ടുണ്ട്. തുടർന്നുള്ള Blackspot Management Study-യ്ക്കും കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ തീരുമാനപ്രകാരം തുടർ നടപടി സ്വീകരിച്ചുവരുന്നുണ്ട്. 'ഗതാഗത നിരീക്ഷണ സംവിധാനങ്ങൾ 24 മണിക്കൂറും ഉറപ്പു വരുത്തുകയും |

| | | | |
|---|---|---|---|
| | | | ട്രാഫിക്ക് നിയമലംഘനങ്ങൾ തടയുകയും അതുവഴി അപകടങ്ങൾ കുറയ്ക്കുകയും ചെയ്യുക' എന്ന ലക്ഷ്യമിട്ടു കൊണ്ട് മോട്ടോർ വാഹന വകുപ്പ് 'സേഫ് കേരള" പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |
| (ഡി) | ഇത് മൂലം വാഹന അപകടങ്ങൾ കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദവിവരം നൽകാമോ? | (ഡി) | കേരള സംസ്ഥാന ക്രൈം റെക്കോർഡ്സ് ബ്യൂറോ (SCRB) പ്രസിദ്ധീകരിച്ച 2022, 2023, 2024 വർഷങ്ങളിലെ റോഡ് അപകട വിവരങ്ങൾ പ്രകാരം, അപകടങ്ങളുടെ എണ്ണം വർദ്ധിച്ചെങ്കിലും മരണസംഖ്യയിൽ വ്യക്തമായ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. 2022-ൽ 43,810 അപകടങ്ങൾ ഉണ്ടായപ്പോൾ, 2023-ൽ അത് 48,091 ആയും, 2024ൽ 48,843 ആയും വർദ്ധിച്ചുവെങ്കിലും, റോഡ് അപകട മരണങ്ങൾ 2022 ലെ 4,317-ൽ നിന്ന് 2023ൽ 4,080 ആയും, 2024-ൽ 3,874 ആയും കുറയുകയുണ്ടായി (2022-നെ അപേക്ഷിച്ച് 10.3% കുറവും, 2023-നെ അപേക്ഷിച്ച് 5.0% കുറവും). റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിനായി സർക്കാർ സ്വീകരിച്ച വിവിധ സുരക്ഷാ നടപടികൾ ഫലപ്രദമാണെന്നാണ് ഇത് സൂചിപ്പിക്കുന്നത്. |

സെക്ഷൻ ഓഫീസർ